ഉത്തരം

(എ) ഉണ്ട്.

(ബി) വിളയൂർ പഞ്ചായത്തിലെ സർവ്വേ നമ്പർ 113/എ-ൽ 1.85 ഏക്കർ സ്ഥലം ആരോഗ്യവകുപ്പിന്റെ അധീനതയിൽ ഉണ്ട്. ആയതിൽ വിവിധ വകുപ്പുകൾ സ്ഥലം ആവശ്യപ്പെട്ടിരിക്കുന്നത് താഴെപ്പറയും പ്രകാരമാണ്.

വിളയൂർ ഗ്രാമപഞ്ചായത്തിന് അംഗൻവാടി കെട്ടിടം സ്ഥാപിക്കുന്നതിന് — 3 സെന്റ് സ്ഥലം

സെൻട്രൽ വാട്ടർ കമ്മീഷൻ ആഫീസ് കെട്ടിടം പണിയുന്നതിന് — 50 സെന്റ് സ്ഥലം

തൃശ്ശൂർ ഹൈഡ്രോളജി ഡിവിഷൻ (ജലസേചന വകുപ്പിന്) — 7 സെന്റ് സ്ഥലം

(സി)-(ഇ) അംഗൻവാടിക്ക് കെട്ടിടം പണിയുന്നതിനായി സ്ഥലം വിട്ടു കൊടുക്കുന്നതിനും സെൻട്രൽ വാട്ടർ കമ്മീഷൻ ആഫീസ് പണിയുന്നതിനായി സ്ഥലം വിട്ടുകൊടുക്കുന്നതിനും 29.5.98-ൽ പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന് സ്ഥലം വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2.2.99-ലും പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. ഭൂമികൈമാറ്റം സംബന്ധിച്ച നടപടികൾ റവന്യൂവകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

124 (750) കീമോതെറാപ്പിക്ക് പ്രത്യേക വാർഡ്

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിൽ രക്താർബുദ രോഗികളായ കുട്ടികൾക്ക് കീമോ തെറാപ്പിക്കുവേണ്ടി പ്രത്യേക വാർഡ് അനുവദിക്കണമെന്ന കോടതി ഉത്തരവ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) കോഴിക്കോട് മാതൃ-ശിശുസംരക്ഷണ കേന്ദ്രത്തിൽ രക്താർബുദ രോഗികളായ കുട്ടികൾക്കായി പ്രത്യേക വാർഡ് ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണനയിലായിരുന്നു. ഇക്കാര്യം സംബന്ധിച്ച് മൂന്നുമാസത്തിനകം തീരുമാനം കൈക്കൊള്ളണമെന്ന് ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി. ഇവിടെ നാല് ല്യൂക്കേമിയ മുറികൾ സ്ഥാപിക്കുന്നതിനുള്ള ജോലി ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഐ.സി.യും സ്പെഷ്യൽ സെപ്റ്റിക് ഇന്റൻസീവ് കെയർ വാർഡ് എന്നിവയുടെ പണി പുരോഗമിച്ചു വരുന്നു. എയർ കണ്ടീഷൻ ഫിറ്റു ചെയ്യുന്നതുൾപ്പെടെയുള്ള മറ്റ് ജോലികളും ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ എയർ കണ്ടീഷണറുകൾ ഉടനെ എത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly